# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 521 — 11.12.2012- ൽ മറുപടിക്ക്

**സഹകരണ സ്ഥാപനങ്ങളിൽ സൂക്ഷിക്കപ്പെട്ടിട്ടുള്ള സ്വർണ്ണാഭരണങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി. അബ്ദുൾ ഖാദർ : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ ഈടായി പണയപ്പെടുത്തിയതും, ലോക്കറുകളിൽ സൂക്ഷിക്കപ്പെട്ടവയുമായ സ്വർണ്ണാഭരണങ്ങൾ മൊത്തം എത്ര വരുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ; | എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ ഈടായി പണയപ്പെടുത്തിയ സ്വർണ്ണാഭരണങ്ങൾ 100670.75 കി. ഗ്രാം വരുമെന്ന് കണക്കാക്കിയിട്ടുണ്ട്. ലോക്കറുകളിൽ ഉള്ള സ്വർണ്ണം സ്വകാര്യ സൂക്ഷിപ്പായതിനാൽ ആയതിന്റെ കണക്ക് ലഭ്യമല്ല. |
| ബി) ഇവയുടെ സുരക്ഷിതത്വത്തിന് സഹകരണ സ്ഥാപനങ്ങൾ ഇന്ന് അനുവർത്തിച്ചുവരുന്ന നടപടികളും സംവിധാനങ്ങളും പര്യാപ്തമാണോ; | ബി) അതെ. |
| സി) ആവർത്തിച്ചുള്ള മോഷണങ്ങളും മുക്കുപണ്ടം വച്ചുള്ള സ്വർണ്ണക്കടത്തലുകളും റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ ഇവയുടെ സുരക്ഷിതത്വത്തിന് കൂടുതലായി എന്തെല്ലാം കരുതൽ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ? | സി) എല്ലാ സഹകരണ സ്ഥാപനങ്ങളിലും സ്ഥിരം നൈറ്റ്‌വാച്ചർമാരെ നിയമിക്കുന്നതിനും ബർഗ്ലർ അലാറം ഉൾപ്പെടെയുള്ള സുരക്ഷാക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനും പുറമെ ക്ലോസ്ഡ് സർക്യൂട്ട് ക്യാമറ സ്ഥാപിക്കുന്നതിനും വ്യാജ സ്വർണ്ണം കണ്ടുപിടിക്കുന്നതിന് പ്യൂരിറ്റി അനലൈസർ സ്ഥാപിക്കുന്നതിനും നിശ്ചിത യോഗ്യതയും പരിശീലനവും സിദ്ധിച്ച അപ്രൈസർമാരുടെ സേവനം ലഭ്യമാക്കുന്നതിനും ഉള്ള നിർദ്ദേശം നിർബന്ധമായും നടപ്പിലാക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതും അതോടൊപ്പം വകുപ്പ് തല പരിശോധന കൂടുതൽ ഊർജ്ജിതമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ